മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: ഈ ആപ്പീസ്സിനെ സംബന്ധിച്ചുള്ള ആവലാതിയെക്കുറിച്ചു പോലീസ് ഇൻവെസ്റ്റിഗേഷൻ നടത്തുന്നില്ലേയെന്നാണു ചോദിക്കുന്നതു്.

റാവുബഹദൂർ ടി. കെ. നായർ: അതിനെ സംബന്ധിച്ചു കൃത്യമായി പറയാൻ നോട്ടീസ് വേണം.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: ഈ മരുന്നുകഴിച്ചതു് ഡോക്ടരുടെ പ്രിസ്ക്രിപ്ഷൻ അനുസരിച്ചാണോ അതോ മനപ്പൂർവ്വമാണോ?

റാവുബഹദൂർ ടി. കെ. നായർ: എപ്രകാരമാണു് ചെയ്തതെന്നു കൃത്യമായി പറയാൻ നോട്ടീസ് വേണം.

Mr. President: What is the subject matter of the motion?

റാവുബഹദൂർ ടി. കെ. നായർ: പ്രോഹിബിഷൻ ഉദ്യോഗസ്ഥന്മാരെ വെയ്ക്കുന്നതിനുള്ള ധനാഭ്യർത്ഥനയാണു്.

മിസ്റ്റർ പി. ടി. ജേക്കബ്: പൂൺസിനു ൨൦ രൂപ ശമ്പളമാണു് കൊടുക്കുന്നതു്. അവർക്കു വേറെ പ്രത്യേകം വല്ല അലവൻസും വച്ചിട്ടുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: ചിലർക്കു സൈക്കിൾ അലവൻസുംകൂടി കൊടുക്കുന്നുണ്ടു്.

മിസ്റ്റർ പി. ടി. ജേക്കബ്: സൈക്കിളില്ലാത്തവർക്കു സൈക്കിൾ അലവൻസ് കിട്ടുമോ?

റാവുബഹദൂർ ടി. കെ. നായർ: കിട്ടുകയില്ല.

മിസ്റ്റർ പി. ടി. ജേക്കബ്: ൨൦ രൂപ ശമ്പളമുള്ള ഒരാൾക്കു സൈക്കിൾ വാങ്ങാൻ സാധ്യമല്ലെന്നു ഗവണ്മെണ്ടിനറിയുമോ? അതുകൊണ്ടു് ദിവസവും വളരെ ദൂരം സഞ്ചരിക്കേണ്ടിവരുന്ന ഇവർക്കു് ഗവണ്മെണ്ടിൽനിന്നും സൈക്കിൾ വാങ്ങി കൊടുക്കുമോ?

റാവുബഹദൂർ ടി. കെ. നായർ: സൈക്കിൾ അലവൻസ് വച്ചിട്ടുണ്ടു്. അതു സൈക്കിളില്ലാത്തവർക്കു സൈക്കിൾ വാങ്ങികൊടുക്കാനോ അതൊ, സൈക്കിൾ ഉള്ളവർക്കു അലവൻസു് കൊടുക്കാനോ എന്നുള്ളതു നോക്കി പറയാം.

മിസ്റ്റർ സി. എസ്സ്. പണിക്കർ: സൈക്കിൾ വാങ്ങി കൊടുക്കുമോ എന്നാണു് ചോദിക്കുന്നതു്.

റാവുബഹദൂർ ടി. കെ. നായർ: അലവൻസ് വച്ചിട്ടുള്ളതു് സൈക്കിൾ വാങ്ങികൊടുക്കാനോ അല്ലയോ എന്നുള്ളതു ഇപ്പോൾ പറയാൻ സാധ്യമല്ല.

മിസ്റ്റർ പി. ടി. ജേക്കബ്: സൈക്കളില്ലാത്തവർക്കു് ആ ആവശ്യം നിറവേറ്റാൻ തക്ക പ്രോത്സാഹനം കൊടുക്കുമോ?

റാവുബഹദൂർ ടി. കെ. നായർ: മുപ്പതിൽചില്വാനം പൂൺസ് അവിടെയുണ്ടു്. അതിൽ ൩൦ ആളുകൾക്കു മാത്രമേ സൈക്കിളലവൻസ് കൊടുക്കുന്നുള്ളൂ.

മിസ്റ്റർ കെ. ടി. അച്യുതൻ: പ്രോഹിബിഷൻ നടപ്പാക്കിയതിനുശേഷം ഈ ഒരു ഉദ്യോഗസ്ഥന്റെ കേസൊഴിച്ചു് വേറെ വല്ല കേസ്സും ഉണ്ടായിട്ടുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: എന്റെ ദൃഷ്ടിയിൽ ഇതുവരെ ഒന്നും പെട്ടിട്ടില്ല.

മിസ്റ്റർ എസ്സ്. പി. ലൂയീസ്: ഇതേവരെ ഒരു കേസ്സും റജിസ്റ്റു് ചെയ്തിട്ടില്ലെ?

റാവുബഹദൂർ ടി. കെ. നായർ: പ്രോഹിബിഷൻ സ്റ്റാഫ് വളരെ ജാഗ്രതയോടുകൂടി അവിടെ പ്രവർത്തിക്കുന്നുണ്ടു്. അതുകൊണ്ടു് കേസ്സൊന്നും വേണ്ടിവന്നിട്ടില്ല.

Demand put and carried

X. Transfer from "Betelnuts, etc.—Contribution to Government of India" "to 11-c. Betel-nuts, etc. Refunds"

***Rao Bahadur T. K. Nayar** *(Minister for Home Affairs)*: Sir, I move for a transfer of allotment of Rs. 12,000 from "11-C. Betel-nuts, etc.—Contribution to Government of India" to "11-C. Betel-nuts, etc. Refunds".

According to Proclamation II of 1120 duty on betel-nuts was to be collected from 1st April 1944, giving retrospective effect to the Proclamation. But subsequently the retrospective effect of the Proclamation was ordered to be cancelled and duty collected only with effect from 16th

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

[Rao Bahadur T. K. Nayar]

September 1944. Before the above orders could be given effect to the duty on betel-nuts exported before that date was collected here. Therefore the amount so collected has to be refunded. The total amount thus collected comes to Rs. 6,974—13—2.

A further sum of Rs. 5,050 has been collected in excess by way of duty on (1) 23939¾ lbs. of Travancore nuts and (2) 16460¼ lbs. of duty paid on Cochin nuts. In the former case it has been proved that the nuts were the produce of Travancore. As duty is leviable only on nuts produced in Cochin State the amount collected on that quantity has to be refunded. In the latter case there is a double levy of duty and the excess duty collected has to be refunded. The total amount thus required for refund in the above cases will come to about Rs. 12,025.

The allotment under "11-C. Betel-nuts, etc.—Refund" is only Rs. 5,000 which is itended for payment of differential duty collected in excess consequent on the reduction of duty to one anna per lb. from 1st April 1946. Therefore it is proposed to meet the expenditure by transfer of an amount of Rs. 12,000 from "11-C. Betel-nuts, etc.—Contribution to Government of India" where funds are available.

Mr. President: There is a cut-motion by Mr. K. S. Panicker; but the form of it is so vague that it cannot be allowed under the rules.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: സർ, ഇതു ഗവൺമെണ്ടിന്റെ ശ്രദ്ധയെ ബാധിക്കുന്ന സംഗതിയാണു്. ഇതിൽ പല കാര്യങ്ങളും മനസ്സിലാക്കുവാനുണ്ടു്.

Mr. President: But the form of the motion is such that I don't find my way to admit it under the rules.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഇതു് അത്ര vague അല്ല. ചില സംഗതികളും ഞാൻ വിവരിച്ചു കാണിച്ചുതരാം.

Mr. President: Yes, there is a cut-motion standing in your name and it is disallowed under the rules as the motion is very vague. The ruling has already been given by the Chair.

Demand, put and carried

XI. "20-Law and Justice—C-Criminal Justice"

Rao Bahadur T. K. Nayar *(Minister for Home Affairs).* I move that an additional sum of Rs. 2,780 be granted to Government under "20-Law and Justice—C-Criminal Justice."

The term of the Special Magistrate's Court, Trichur, constituted for the trial of the Azhikode cases, was extended till 7th Kanni 1123. The Anthikkad Special Magistrate's Court is also expected to continue till 21st Kanni 1123. The extension of these two courts could not be anticipated earlier and hence no provision made in the budget.

At present there is no phone connection to the residence of the District Magistrate. For facility of consultation and concerted action it is highly necessary to provide his residence with a phone connection. An amount of Rs. 168 has to be incurred in connection with the installation of a phone connection to his residence.

Thus, on account of the extension of the Special Magistrate's Courts at Trichur and Anthikkad and for meeting the expenditure in connection with the installation of a phone connection to the District Magistrate's residence, the following additional allotments amounting to Rs. 2,780 have become necessary under "20-Law and Justice C-Criminal Justice".

1. Temporary establishment	..	Rs. 903
2. Allowance and Dearness allowance	..	Rs. 596
3. Contingencies—Miscellaneous	..	Rs. 1,281

Mr. President: There is a cut motion by Mr. Mohamed Ashrof.

Mr. P. A. Mohamad Ashrof *(Cranganur):* ഒരു സംഗതിമാത്രമെ എനിക്കറിയുവാനുള്ളൂ.

Mr. P. Kumaran Ezhuthassan *(Vadakkancheri)* Sir, he is not moving the cut motion, but is soliciting information.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: പത്രങ്ങളിൽ കണ്ടതു്, അന്തിക്കാട്ടുണ്ടായ സംഭവത്തെ അടിസ്ഥാനപ്പെടുത്തി റജിസ്റ്റ്ചെയ്തിട്ടുള്ള കേസുകളെല്ലാം Independence Day-യോടുകൂടി പിൻവലിച്ചുഎന്നാണു്. പിന്നെ എന്താവശ്യത്തിന്നാണു് ആ കേസുകളുടെ മാത്രം വിചാരണക്കു വെച്ചിട്ടുള്ള സ്പെഷൽ കോടതി കന്നി 15-ാംതീയതിവരെ തുടർന്നുപോകുന്നതിന്നനുവദിച്ചതു് എന്നറിഞ്ഞാൽ കൊള്ളാം.

റാവുബഹദൂർ ടി. കെ. നായർ: ആദ്യംതന്നെ ധരിച്ചുവശ്മാനം തെറ്റാണു്. അതായതു് അന്തിക്കാട്ടെ കേസ്സുകളെല്ലാം പിൻവലിച്ചു എന്നു ധരിച്ചതു് തെറ്റു്. ആ കോടതി

LIBRARY ARCHIVES Kerala Legislative Assembly